

ഈ പുസ്തകത്തിൽ സമാഹരിച്ചിട്ടുള്ള ലേഖനങ്ങൾ മുഖ്യമായും പ്രണയം, ലൈംഗികത, ശരീരം, അധികാരം, ജൈവരാഷ്ട്രീയം, സ്ത്രീവാദം, ഭാഷ, പരിസ്ഥിതി, കലാദർശനം എന്നീ വിഷയങ്ങളെ ആധുനികാനന്തരമായ ചിന്തകളുടെ കാഴ്ചപ്പാടിലൂടെ സമീപിക്കുന്നവയാണ്. ഈ ലേഖനങ്ങളെ കൂട്ടിയിണക്കുന്ന കേന്ദ്ര ആശയം മോഹം എന്നതാണ്. ജീവിതമോഹങ്ങളുടേതായ ഒരു വിമോചന രാഷ്ട്രീയം കൊണ്ടുവരുന്നതിനാണ് ഇവ ശ്രമിക്കുന്നത്.

9 788194 329503

SOOCHIKA BOOKS

COVER: SUDHEER.M.A

₹240

CULTURAL CRITICSM

# ജീവിതേച്ഛകളുടെ ആഘോഷം

## പ്രണയം • ഫാസിസം • കല

എബി കോശി

BODY • DESIRE • LOVE • POWER
SEXUALITY • BIOPOLITICS • ECOLOGY
PSYCHOANALYSIS • AESTHETIC
FEMINISM • DERRIDA • FOUCAULT

# ജീവിതേച്ഛകളുടെ ആഘോഷം

പ്രണയം, ഫാസിസം, കല

# ജീവിതേച്ഛകളുടെ ആഘോഷം

(പ്രണയം, ഫാസിസം, കല)

എബി കോശി

**അവതാരിക**
**നിസാർ അഹമ്മദ്**

SOOCHIKA
BOOKS

SOOCHIKA BOOKS
Peruvalloor
Malappuram - 673638
Kerala, India
soochikabooks@gmail.com
+91 9562 540 981

www.soochikabooks.com
/soochikabooks

Jeevithechakalude Aghosham
Continental philosophy/ Cultural Criticism
Written By Abey Koshy

All Rights Reserved © soochikabooks

First Edition : June 2020
Cover Design : Sudheer M.A
Type Setting : Soochika Books
Printing @ Vibgyor Print Innovations

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

Price: Rs 240/-

ISBN: 978-81-94532132

സമകാലിക ലോകതത്ത്വചിന്തയുടെ അദ്ധ്യാപകൻ, ഗവേഷക മാർഗ്ഗദർശി, എഴുത്തുകാരൻ എന്നീ നിലകളിലുള്ള പ്രാവീണ്യത്തിൽ നിന്നും രചിക്കപ്പെട്ട ഡോ. എബി കോശിയുടെ ഈ ലേഖനസമാഹാരം വായനക്കാരുടെ മുമ്പാകെ സമർപ്പിക്കുന്നതിൽ ഞങ്ങൾ അങ്ങേയറ്റം കൃതാർത്ഥരാണ്. പ്രണയം, സ്ത്രീ, ശരീരം, ലൈംഗികത, ഫാസിസം, പരിസ്ഥിതി, കല തുടങ്ങിയ വിഷയങ്ങളിൽ മലയാളത്തിൽ നിലവിൽ പുലർത്തുന്ന സമീപനങ്ങളിൽനിന്നും വ്യത്യസ്തമായി അവയെ സമീപിക്കുകയും അതുവഴി കേരളീയ ജീവിതമണ്ഡലത്തെ സർഗ്ഗാത്മകമായി പുനരുജ്ജീവിപ്പിക്കാൻ ആഹ്വാനം നടത്തുകയും ചെയ്യുന്ന ഈ പുസ്തകം വ്യത്യസ്തമായ ഒരു ഭാവുകത്വത്തിന്റെ പ്രകടനം കാഴ്ചവയ്ക്കുന്നുണ്ട്. ഈ വിഷയങ്ങളിലുള്ള കേവലം പഠനങ്ങളായോ പരിചയപ്പെടുത്തലുകളായോ അല്ല ഈ ലേഖനങ്ങൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. മറിച്ച്, ജീവിതനിറവുകൾ സാക്ഷാത്കരിക്കാനുതകുന്ന ഒരു സമാന്തര രാഷ്ട്രീയതയ്ക്കായുള്ള ആരായലാണ് ഇതിലെ ലേഖനങ്ങളുടെയെല്ലാം ചാലകശക്തിയായി വർത്തിക്കുന്നത്.

നവീനവും സങ്കീർണ്ണവുമായ ആശയങ്ങൾ മലയാളത്തിൽ അവതരിപ്പിക്കുമ്പോൾ രചനകൾ ദുർഗ്രാഹ്യമാകുക മൂലം വായനാക്ഷമമല്ലാതെയാകുക എന്നത് സാധാരണ സംഭവിക്കാറുള്ളതാണ്. മൂലകൃതികൾ വേണ്ടത്ര പരിശോധിക്കാതെ അവയെ സംബന്ധിച്ച പഠനങ്ങളേയും തർജ്ജമകളേയും ആശ്രയിക്കുകമൂലമാണ് മലയാള രചനകൾ പലപ്പോഴും ദുർഗ്രാഹ്യമായിത്തീരുന്നത്. അവയിലെ വരണ്ടുണങ്ങിയ ഭാഷമൂലം മലയാളത്തിൽ അടുത്തകാലത്ത് ഗദ്യരചനകളോട് വായനക്കാരിൽ വിപ്രതിപത്തി വളർന്നുവരുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ കരുത്തുറ്റതും കാവ്യാത്മകവുമായ ഭാഷയിലെഴുതപ്പെട്ട ഇതിലെ ലേഖനങ്ങൾ ഈ പരിമിതി മറികടക്കുന്നതോടൊപ്പം മലയാള ഭാഷയിൽ നവ്യമായ ഒരു ഗദ്യശൈലി കൊണ്ടുവരുന്നുമുണ്ട്. ഇതിലെ സങ്കീർണ്ണമായ ചിന്തകൾ എല്ലാ വിഭാഗം വായനക്കാരിലേക്കും ഇറങ്ങിച്ചെല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടി സരളമായ ഭാഷയിലെഴുതപ്പെട്ടിട്ടുള്ളതിനാൽ ഈ പുസ്തകം വായനക്കാരെ ആകർഷിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് തീർച്ചയുണ്ട്.

**നാമൂസ് പെരുവള്ളൂർ**

**സൂചിക ബുക്സ്**

## പ്രൊഫ. (ഡോ.) എബി കോശി

തിരുവല്ലയ്ക്കു സമീപം ഇരവിപേരൂരിൽ ജനനം. ഇപ്പോൾ കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ തത്ത്വചിന്താവകുപ്പിൽ പ്രൊഫസർ. ഡൽഹി ജെ.എൻ.യു, എറണാകുളം മഹാരാജാസ് കോളജ്, കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം കാമ്പസ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളജ്, കോഴഞ്ചേരി സെന്റ് തോമസ് കോളജ്, ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പ്രമുഖ ജേർണലുകളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'മലബാർ കലാപം' (ഡി.സി ബുക്സ്) വിവർത്തനം ചെയ്തു. ഓസ്ട്രേലിയ, ചൈന, ലിതുവാനിയ എന്നിവിടങ്ങളിലും ഇന്ത്യക്കുള്ളിലും അനേകം അന്താരാഷ്ട്ര കോൺഫറൻസുകളിൽ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.


വിലാസം :

തപോവനം,

വേങ്ങൂർ, അങ്കമാലി,

എറണാകുളം

# ഉള്ളടക്കം

മുഖവുര

*എബികോശി ................................................................................ 09*

അവതാരിക

*നിസാർ അഹമ്മദ് .................................................................... 13*

**ലൈംഗികത**

1. സ്ത്രൈണരതിയുടെ വീണ്ടെടുപ്പ് .................................... 21
2. സ്നേഹത്തിലെ ധാർമ്മികത ............................................ 39
3. പെണ്ണെഴുത്ത്, ഒരു ഉത്തരാധുനിക വിമർശം ................ 50
4. പ്രേമത്തിന്റെ ജ്ഞാനപുഷ്പങ്ങൾ ................................. 63

**ഫാസിസം**

4. പ്രേമത്തിന്റെ ജ്ഞാനപുഷ്പങ്ങൾ ................................. 63
5. ഫാസിസം: മരണ കാമനയുടെ ഭ്രമണപഥം ................. 72
6. അധികാരവാഴ്ചയുടെ സൂക്ഷ്മരൂപങ്ങൾ ...................... 84
7. ജീവേച്ഛയുടെ ആഘോഷം ................................................ 97
8. ശരീരത്തിന്റെ ഉദ്ഗ്രഥനവും
   ശിഥിലീകരണവും ............................................................... 108
9. ഛിദ്രം ചെയ്യപ്പെട്ട ആധുനിക ശരീരങ്ങൾ .................... 123

## കല

10. മലയാളഭാഷയുടെ നിലനിൽപ്പ് ........................................ 140
11. സ്വാതന്ത്ര്യവും പ്രതിജ്ഞാബദ്ധകലയും ...................... 156
12. ഉണ്മയുടെ പാർപ്പിടം .......................................................... 162
13. ക്ഷീരപഥങ്ങളിലെ സഞ്ചാരി .............................................. 172
14. ലാവണ്യാത്മക സമുദായം ................................................ 184
15. ദറീദ: അപരത്വത്തിന്റെ ലീലാവിലാസം ........................ 197
16. സൗന്ദര്യാത്മക പരിസ്ഥിതി ദർശനം ............................. 213

*ഗ്രന്ഥസൂചി .......................................................................... 221*

# മുഖവുര

പ്രണയം, ലൈംഗികത, ശരീരം, അധികാരം, സ്ത്രീവാദം, ഫാസിസം പരിസ്ഥിതി, കലാദർശനം എന്നീ വിഷയങ്ങൾ അടങ്ങിയ ഈ പുസ്തകത്തിലുള്ള എന്റെ പതിനാറ് ലേഖനങ്ങൾ മുൻപ് പലപ്പോഴായി മലയാളത്തിലെ പ്രമുഖ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളവയാണ്. മലയാളത്തിൽ ഈ വിഷയങ്ങൾ  മുൻപ് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും നവോത്ഥാന ചിന്ത സൃഷ്ടിച്ച ഭാവുകത്വത്തിലൂടെ മാത്രമാണ് അവ സമീപിക്കപ്പെട്ടത്. ഇന്ന് ഏതാണ്ട് അപ്രസക്തമായിക്കൊണ്ടിരിക്കുന്ന ബൗദ്ധികത (enlightenment-modernity) യുടെ കാഴ്ചപ്പാടാണ് അവ പുലർത്തിയിട്ടുള്ളത്. നിലവിലുള്ള ആ രീതിയിൽനിന്നും മാറി ഒരു ആധുനികാനന്തരമായ ഭാവുകത്വം പുലർത്തുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ സവിശേഷത. ആധുനികതാവാദം ലക്ഷ്യം വയ്ക്കുന്ന കേവലമായ മാനവികതാസംസ്ഥാപനത്തിനപ്പുറം 'ജീവിതതീഷ്ണത'(intensities)കളുടെ നിറവേറലിനോടാണ് ഈ സമീപനത്തിന് ആഭിമുഖ്യം. നവോത്ഥാന ആധുനികതയുടെ പോരായ്മയും പരിമിതിയും ഇന്ന് സർവ്വദിക്കിലും തിരിച്ചറിയപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അതിനെ കൈയ്യൊഴിയണമെന്നല്ല ഇവിടെ വാദിക്കുന്നത്. പകരം, അതിനെ അതിവർത്തിക്കുന്ന ആധുനികാനന്തരമായ സമീപനങ്ങൾകൊണ്ടുമാത്രമേ സമകാലിക യാഥാർത്ഥ്യങ്ങൾ ഫലപ്രദമായി ഗ്രഹിക്കാനാവുകയുള്ളൂ എന്നുപറയുകയാണ്. ആധുനികാനന്തര ചിന്തകളെ പരിചയപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ പലതും മലയാളത്തിൽ മുൻപ് എഴുതപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും ആധുനികാനന്തരമായ ഭാവുകത്വം പുലർത്തുന്നവയായിരുന്നില്ല. ഒന്നുകിൽ അതിന്റെ കേവലമായ വിവരണമോ അല്ലെങ്കിൽ അവയെ നവോത്ഥാന ചിന്തയുടെ വാർപ്പിലേക്ക് വെട്ടിച്ചുരുക്കിയുള്ള ഉപയോഗിക്കലോ  മാത്രമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അതിൽനിന്നും ഭിന്നമായി സമകാലിക കേരളീയ പരിതസ്ഥിതിയിൽ ദൈനംദിന യാഥാർത്ഥ്യങ്ങളെ 'ജീവിതതീക്ഷ്ണത'യുടെ കണ്ണാടിയിലൂടെ വീക്ഷിക്കണമെന്ന

താത്പര്യമാണ് ഈ പുസ്തകത്തിലെ ലേഖനങ്ങളുടെ രചനയ്ക്കു പ്രേരകമായിട്ടുള്ളത്.

നവോത്ഥാനചിന്തകളുടെ മുഖമുദ്രയായ മാനവികതാവാദം, പാരമ്പര്യപ്പഴമകളിലും ആചാരങ്ങളിലും നിബദ്ധമായി ജീവിച്ച ജനതതിയെ മോചിപ്പിച്ച് തുല്യതയും സാഹോദര്യവും പുലർത്തുന്ന ആധുനിക സ്വത്വങ്ങളാക്കി മാറ്റുക എന്നതാണ് ചെയ്യുന്നത്. ജാതീയവും വംശീയവും ലിംഗപരവുമായ തടവറകളിൽനിന്നും മനുഷ്യർക്ക് മോചിതരായിത്തീരുന്നതിന് അതു സഹായിച്ചു. മാർക്സിസം ഉൾപ്പെടെയുള്ള ചിന്താധാരകൾ ചേർന്ന് കാഴ്ചവച്ച പുരോഗമനപരവും വിപ്ലവാത്മകവുമായ ആ പദ്ധതി അതിന്റെ കർത്തവ്യം ഏറെക്കുറെ നടപ്പാക്കിക്കഴിഞ്ഞു. അതിന് അടിത്തറയായി വർത്തിച്ച 'സുഖാത്മക പ്രയോജനവാദ' (utilitarianism) ത്തിന് സർവ്വജനങ്ങൾക്കും വിദ്യാഭ്യാസം, തൊഴിൽ, സമ്പത്ത്, കലാസാംസ്കാരികമായ അഭിവൃത്തി എന്നിവ ഉറപ്പാക്കുക എന്ന പദ്ധതിയാണ് ഉണ്ടായിരുന്നത്. ഭൗതികമായ സുഖസമൃദ്ധിയായിരുന്നു അതിന്റെ ലക്ഷ്യം. കേരളീയജീവിതത്തിലും ആ ലക്ഷ്യം ഏറെക്കുറെ ഫലപ്രദമായി നിറവേറപ്പെടുകയുണ്ടായി.

എന്നാൽ ഒരു ജനതതിക്ക് എന്നും ഈയൊരു ലക്ഷ്യം മാത്രം കേന്ദ്രീകരിച്ച് മുന്നേറാനാവില്ല. മാനവികബോധത്തിനപ്പുറം പോകുന്ന 'ജീവിതതീക്ഷ്ണത'കളുടെ മണ്ഡലത്തിലേക്ക് എത്താനാകുമ്പോഴാണ് അർത്ഥപൂർണ്ണമായ ജീവിതനിറവുകൾ പ്രാപിക്കാനാവുക. അവ നിറവേറപ്പെടുന്നുവെങ്കിൽ മാത്രമേ യഥാർത്ഥ മനുഷ്യവിമോചനം കണ്ടെത്തി എന്ന് പറയാനാവുകയുള്ളു. മനുഷ്യനെന്ന ബോധത്തിനപ്പുറമുള്ള ഊർജ്ജപ്രവാഹങ്ങളുടെ മണ്ഡലത്തെ കണ്ടെത്താനുള്ള അന്വേഷണം അതിന് ആവശ്യമാണ്. പ്രണയം, ലൈംഗികത, കല എന്നിവയിലെ ലാവണ്യാനുഭൂതിയിൽ അതിന്റെ പ്രസരണമുണ്ട്. മനുഷ്യനോടൊപ്പം സർവ്വചരാചരങ്ങളും സന്ധിചേരുന്ന ഒരു മേഖലയാണത്. കേവല മാനവികവാദത്തിനപ്പുറംപോകുന്ന സമഷ്ടിഭാവനയുടെ പുഷ്പിക്കലാണ് അവിടെയുള്ളത്. അത് മലയാളിയുടെ സംവേദനതലത്തിൽ ഇനിയും വേണ്ടവണ്ണം എത്തിയിട്ടില്ല. മലയാളത്തിന്റെ സംവേദനമണ്ഡലം ഇപ്പോഴും നവോത്ഥാനചിന്തയുടെ നിഴലിൻകീഴിൽ തളക്കപ്പെട്ടു കിടക്കുകയാണ്. എഴുപതുകളിലും എൺപതുകളിലും മലയാളത്തിൽ കടന്നുവന്ന ആധുനികതാവിമർശനപാരമ്പര്യം, പക്ഷേ, ഇതിനൊരപവാദമായിരുന്നു. അന്നോളം പ്രബലമായിനിന്ന സാമൂഹികതാവാദത്തോടു പടപൊരുതി വൈയ

ക്തികാനുഭവങ്ങളുടെ പ്രസരണം സാധ്യമാക്കുന്ന ഒരു ഇടം ഭാഷയിൽ സൃഷ്ടിക്കാനാണ് അവർ യത്നിച്ചത്. അസ്തിത്വവാദപരമായ വ്യക്തി കേന്ദ്രതനിലപാടിൽ ചിന്തയെ നിജപ്പെടുത്തി എന്നൊരു പരിമിതി അതിനുണ്ടായിരുന്നെങ്കിലും ഭാഷയിലും ചിന്തയിലും പുത്ത നുണർവ്വു ണ്ടാക്കാൻ അതിനു കഴിഞ്ഞിരുന്നു. എന്നാൽ നവോത്ഥാന ചിന്ത യാന്ത്രി കമായി ആചരിച്ചുപോന്ന അന്നത്തെ ഇടതുപക്ഷവിഭാഗം അതിനോട് സംശയാലുക്കളായിരുന്നു. അതിനെ തളർത്തണമെന്നതിൽ പ്രതിജ്ഞാ ബദ്ധരായിരുന്ന അവർ കേരളത്തിന്റെ സാംസ്കാരികഭൂമികയിൽനിന്നും അതിനെ നിഷ്കാസനം ചെയ്യുന്നതിൽ വിജയിക്കുകയും ചെയ്തു. ഇന്ന് മിക്കവാറും അതിന്റെ വേരറ്റുപോയിക്കഴിഞ്ഞിട്ടുണ്ട്.

നവോത്ഥാനചിന്തയുടെ സാമൂഹികതാവാദത്തിനും ആധുനികതാ വിമർശനപാരമ്പര്യത്തിന്റെ വ്യക്തിവാദത്തിനും ഇതരമായി 'ജീവിത തീക്ഷ്ണത'കളുടെ പക്ഷത്തുനിന്നുകൊണ്ടുള്ള ഒരു വിമർശന പാരമ്പര്യം കേരളീയ ജ്ഞാനമണ്ഡലത്തിൽ ഉണ്ടായിവരേണ്ടതുണ്ട്. ഐഹികവിജ്ഞാനീയം (phenomenology), മനോവിശ്ലേഷണചിന്ത (psychoanalysis), വ്യാഖ്യാനതന്ത്രം (hermeneutics), ഉത്തരഘടനാ വാദം (poststructuralism), അപനിർമ്മാണം (deconstruction), തുടങ്ങിയ മേഖലകളിലുണ്ടായ വിജ്ഞാനങ്ങളുടെ കൂടിക്കലര ലിൽനിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള വ്യത്യസ്തമായൊരു ഭാവുകത്വ ത്തെയാണ് അത് പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യരിലും പ്രപഞ്ച ത്തിനും തളയ്ക്കപ്പെട്ടു കിടക്കുന്ന തീവ്രതകളുടെ (intensities) വിടുത ലിലാണ് അത് ഭാവിജീവിതത്തിലെ വിമോചന സാധ്യതകൾ കണ്ടെ ത്തുന്നത്. ആധുനികാനന്തര ചിന്തകളിൽ മോഹം (desire), ഇച്ഛ (will), കാമന (libido) തുടങ്ങിയ പലപേരുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ജീവിത തീവ്രതകളുടെ ആ മണ്ഡലത്തെ യുക്തിനിഷ്ഠമായ ഭാഷാ വ്യവഹാരങ്ങൾകൊണ്ട് കൃത്യമായി നിർവ്വചിക്കാൻ കഴിയുകയില്ല എന്നൊരു പരിമിതിയുണ്ട്. അതിനാൽ അതിനെ അപരത്വത്തിന്റെ (otherness) അനുഭവമേഖലയെന്നു കണക്കാക്കാം. ആധുനികാനന്തരമായ ഈ മനോഭാവം സമകാലികരായ മനുഷ്യരുടെ ജീവിതാനുഭവങ്ങളിൽ ആഴ്ന്നുനിൽക്കുന്ന ഒരു ഭാവുകത്വത്തെ ഉത്പാദിപ്പിച്ചിട്ടുണ്ട്. അതിന്റെ കണ്ണാടി ഒഴിവാക്കിനിർത്തിക്കൊണ്ട് സമകാലികമായ ചലനങ്ങളെ ഇന്ന് വീക്ഷിക്കാനാവതല്ല.

ആധുനികാനന്തരചിന്തകളുടെ രീതീശാസ്ത്രമുപയോഗിച്ച് സമകാ ലികമായ സാമൂഹ്യയാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്യുന്നവയാണ് ഈ പുസ്തകത്തിലുള്ള ലേഖനങ്ങൾ എന്ന അവകാശവാദം ഉന്നയി

ക്കുകയല്ല ഇവിടെ ചെയ്യുന്നത്. മറിച്ച് അത്തരമൊരു സമീപനത്തിന് മലയാളത്തിന്റെ വിമർശനപാരമ്പര്യത്തിൽ വേരോട്ടമുണ്ടാവേണ്ടത് ആവശ്യമാണ് എന്ന് പറഞ്ഞുവയ്ക്കുക മാത്രമാണ് ഇവിടെ. അതിന്റെ രീതിശാസ്ത്രം എങ്ങനെയാണ് പ്രവർത്തിക്കുക എന്നു വെളിവാക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്. ഈ പുസ്തകത്തിലെ കേന്ദ്രവിഷയങ്ങൾ ജീവിതതീവ്രതയുടെ പക്ഷത്തുനിന്നുകൊണ്ട് ചർച്ച ചെയ്തു കാണിച്ചുകൊണ്ട് അത്തരമൊരു ഭാവുകത്വത്തിലേക്ക് മലയാള വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുക എന്ന ഒരു എളിയ ലക്ഷ്യം മാത്രമാണ് ഈ പുസ്തകത്തിനുള്ളത്. അതിനെ കേരളീയരായ വായനക്കാർ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുമെന്ന പ്രതീക്ഷയോടെ ഈ പുസ്തകം അവർക്കു മുമ്പാകെ സമർപ്പിക്കുന്നു.

**പ്രൊഫ. (ഡോ.) എബി കോശി**

കാലടി

21-11-2019